പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3913 15.05.2017 ലെ മറുപടി

## നാദാപുരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | മറുപടി<br>മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| നാദാപുരം മണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാനായി മണ്ഡലത്തിൽ നിലവിൽ എന്തൊക്കെ പദ്ധതികൾ നടന്നു വരുന്നുണ്ടെന്നു വ്യക്തമാക്കാമോ? | നാദാപുരം മണ്ഡലത്തിൽ നിലവിൽ കുന്നുമ്മൽ സമീപ വില്ലേജുകൾക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണുള്ളത്. നാദാപുരം മണ്ഡലത്തിലെ ആറു വില്ലേജുകളിലേക്കും കുറ്റ്യാടി മണ്ഡലത്തിലെ ഒരു വില്ലേജിലും ശുദ്ധജലവിതരണം നടത്താൻ ഉദ്ദേശിച്ച പദ്ധതിയാണ്. ARWSS പദ്ധതിയിലുൾപ്പെടുത്തി 1491.12 ലക്ഷം രൂപയുടേയും സ്പാൻ സഹായത്തോടെ 1797.48 ലക്ഷം രൂപയുടേയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ഗ്രാവിറ്റി മെയിൻ പ്രവൃത്തി ഒഴിച്ച് മറ്റു ഘടകങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചു. 18 കി. മീ. ദൈർഘ്യമുള്ള ഗ്രാവിറ്റി മെയിനിന്റെ 1 കി.മീ. പൂർത്തീകരിക്കേണ്ടതുണ്ട്. മേൽ പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. പൈപ്പ് സ്ഥാപിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് ഒടുക്കേണ്ട 3.14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക അടക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു. പമ്പ് സെറ്റ്, ശുദ്ധീകരണശാല, പമ്പിങ് മെയിൻ എന്നിവയുടെ ട്രയൽ റൺ തുടങ്ങി. ഇതു പൂർത്തീകരിക്കുന്നതോടെ കായക്കൊടി, കുറ്റ്യാടി പഞ്ചായത്തുകൾക്ക് മേയ് 2017 ഓടെ ജലവിതരണം ഉറപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റു പഞ്ചായത്തുകളുടെ ട്രയൽ റൺ പൂർത്തീകരിച്ച് ഒക്ടോബർ 2017 ന് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. നാദാപുരം മണ്ഡലത്തിൽ ഇടച്ചേരി ഗ്രാമ പഞ്ചായത്തിൽ ജലനിധി 33 ചെറുകിട പദ്ധതികൾ നടപ്പാക്കുന്നു. അവയിൽ 29 പദ്ധതികൾ കമ്മീഷൻ ചെയ്ത് കുടിവെള്ള വിതരണം നടത്തിവരുന്നു. ബാക്കിയുള്ള പദ്ധതികളിൽ 2 എണ്ണം പൂർത്തീകരിക്കുകയും ശേഷിക്കുന്ന 2 പദ്ധതികളുടെ പ്രവർത്തനം പുരോഗമിച്ചു വരികയും ചെയ്യുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ